## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1092 12.03.2015ൽ മറുപടിയ്ക്ക്

# അതുല്യം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) അതുല്യം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ വരുന്ന 15 മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെപോയ മുഴുവൻ പേർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകി കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന പദവി കൈവരിക്കുക എന്നതാണ് അതുല്യം പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. |
| (സി) പദ്ധതി ആരെല്ലാമായി സഹകരിച്ചാണ് നടത്തുന്നത്; | (സി) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത്, സാമൂഹ്യക്ഷേമം, നഗരകാര്യ ന്യൂനപക്ഷ ക്ഷേമം, ഗ്രാമവികസനം, സഹകരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത് |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സംഘാടക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നടക്കുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ ചെയർമാനായിട്ടുള്ള സംഘാടക സമിതിയും, വാർഡ് തലങ്ങളിൽ വാർഡ് മെമ്പർമാർ ചെയർമാനായിട്ടുള്ള വാർഡ്തല സമിതിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ